**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594** **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വർദ്ധിച്ചുവരുന്ന അഴിമതിയും മറ്റും നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് വിശദമാക്കാമോ? | (എ) | സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65,66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതി രെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോ ഗതലത്തിൽ അച്ചടക്കനടപടി സ്വീകരി കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65 , 66, എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതര മായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർ ഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തന ങ്ങളിൽ അഴിമതിയും ഗുരുതര മായ സാമ്പത്തിക ക്രമക്കേടുകളും ആരോപി ക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തി ലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗ സ്ഥർക്ക് |

| | | | |
|---|---|---|---|
| | | | സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമ മാക്കിയിട്ടുണ്ട്. ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/ വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. വിവിധ സംഘ ങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയ പശ്ചാത്തലത്തിൽ ഉദ്യോഗ സ്ഥർ തങ്ങളുടെ അധികാരപരിധിയിൽ പ്രത്യേക വിശദ പരിശോധനകളും നടത്തി വരുന്നു. സഹകരണ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബ ന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്ന തിലേയ്ക്കായി സഹകരണ നിയമം, ചട്ടം ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായ ങ്ങൾക്കും അനുസരണമായി പരിഷ്കരി ക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ